II. അടിയന്തിര പ്രമേയം

കോട്ടയത്ത് ടാക്സി - ഓട്ടോ റിക്ഷാ തൊഴിലാളികളുടെ മേൽ പോലീസ് നടത്തിയ ലാത്തിച്ചാർജിനെ തുടർന്നുണ്ടായ ഗുരുതരാവസ്ഥ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ കഴിഞ്ഞ ദിവസം കോട്ടയത്ത് ടാക്സി-ആട്ടോറിക്ഷാ തൊഴിലാളികളുടെ മേൽ നടത്തിയ ലാത്തിച്ചാർജിനെത്തുടർന്ന് അവിടെ നിലവിലിരിക്കുന്നതായി പറയപ്പെടുന്ന സംഘർഷാവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികൾ നിർത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ റൂൾ 50 അനുസരിച്ചു ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, 9-3-1979-ൽ കോട്ടയത്തെ ടാക്സി ഡ്രൈവർമാരും ആട്ടോറിക്ഷാ ഡ്രൈവർമാരും ഗവൺമെന്റ് അടുത്ത കാലത്ത് ഇറക്കിയ ഒരു നിയമത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു പണിമുടക്കു നടത്തി. ഗവൺമെന്റ് അടുത്ത കാലത്ത് ഏർപ്പെടുത്തിയ ചെക്കിംഗ് സമ്പ്രദായത്തിലും, ആട്ടോറിക്ഷയിലും കാറിലും മീറ്റർ ഘടിപ്പിക്കണമെന്ന നിയമത്തിലും പ്രതിഷേധിച്ച് അവർ സമരം സംഘടിപ്പിച്ചു. വളരെ സമാധാനപരമായിട്ടാണ് അവർ സമരം സംഘടിപ്പിച്ചതെങ്കിലും സമാധാനപരമായികളക്ടറേറ്റിലേക്ക് അവർ മാർച്ചു ചെയ്തെങ്കിലും അവിടെ ചെന്നശേഷം, അവിടെക്കൂടിയ എല്ലാ ആട്ടോറിക്ഷാ ഡ്രൈവർമാരും ടാക്സി ഡ്രൈവമാരുംകൂടി സ്ഥലത്ത് ഓടിക്കൊണ്ടിരുന്ന വാഹനങ്ങളെ തടയുകയും അതു മാറ്റാൻ വേണ്ടി പോലീസുകാർ സ്ഥലത്തെത്തുകയും ചെയ്തു. ക്രമസമാധാനത്തിനുവേണ്ടി എത്തിയ പോലീസുകാരെ ഇവർ കല്ലേറിയുകയും എസ്. ഐ. ശ്രീ. പരമേശ്വരൻ നായർ കല്ലേറുകൊണ്ട് താഴെ വീഴുകയും ചെയ്തു. അപ്പോഴാണ് കൂടുതൽ പോലീസ് സ്ഥലത്തു വരികയും ഇവരെ ഓടിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന നാട്ടുകാർ ഡ്രൈവർമാരുമായി ഏറ്റുമുട്ടുകയും കല്ലേറു നടത്തുകയും ചെയ്തു. ആ കല്ലേറിന്റെ ഫലമായി ഏതാനും ആട്ടോറിക്ഷകൾക്കും ടാക്സി കാറുകൾക്കും കേടു വന്നിട്ടുണ്ട് പോലീസ് വളരെ ക്ഷമയോടുകൂടി ഇതെല്ലാം സഹിച്ചിട്ടും ലാത്തിച്ചാർജ് ചെയ്യേണ്ട സാഹചര്യം ഉണ്ടാക്കരുതെന്ന് ആഗ്രഹിച്ചു. അൻപതോളം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ഒരു പ്രക്ഷുബ്ധമായ അവസ്ഥ അവിടെ ഉണ്ടാക്കിയതുകൊണ്ട് അവരെ വിരട്ടി ഓടിക്കേണ്ട സാഹചര്യം വന്നു. ഡ്രൈവർമാർ പല ഭാഗത്തേക്കും ഓടിപ്പോയി. ഓടിപ്പോയപ്പോൾ അവർക്കു വല്ലവർക്കും പരിക്കു പറ്റിയോ എന്ന് അറിഞ്ഞുകൂടാ. കാരണം, പോലീസിൽ ആരെങ്കിലും പരാതിപ്പെടുകയോ ആശുപത്രിയിൽ ആരെങ്കിലും പ്രവേശിക്കുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും ഈ സംഭവം കൊണ്ട് ധാരാളം പോലീസുകാർക്കു പരിക്കു പറ്റിയിട്ടുണ്ട്. ഒരു എസ്. ഐ. യുടെ നില ഗുരുതരമാണ്. അദ്ദേഹത്തെ ആശുപത്രിയിൽനിന്നു മെഡിക്കൽ കോളേജിലേക്കു മാറ്റിയിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് പ്രധാനപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കൻമാരുടെ മേൽനോട്ടത്തിൽ ഒരു പ്രകടനം നടത്തുകയും ഒരു യോഗം നടത്തുകയും ചെയ്തു. കുറ്റവാളികളായ പോലീസുകാരെ സസ്പെൻറു ചെയ്യണമെന്ന് അവർ പ്രമേയവും പാസ്സാക്കി. ഗവൺമെൻറിൻെറ ,ഭാഗത്തുനിന്ന് യാതൊരു അലസമനോഭാവവും ഇക്കാര്യത്തിൽ കാണിച്ചിട്ടില്ല. ഹർത്താൽ ആചരിക്കുന്നതിൽ ഗവൺമെൻറിന് എതിരില്ല. ഹർത്താൽ ആചരിക്കാൻ സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുത്തു. സമാധാനപരമായി സമരം നടത്തിയപ്പോൾ അതൊരു പ്രതിഷേധ പ്രകടനമായില്ല എന്നു തെറ്റിദ്ധരിച്ചതുകൊണ്ടായിരിക്കാം, സമാധാനപരമായി നടന്നു പോയപ്പോൾ നാട്ടുകാർ ശ്രദ്ധിക്കുന്നില്ല എന്നു കരുതിയായിരിക്കാം, കളക്ടറേറ്റിൻെറ പടിക്കൽ പോയശേഷം പിന്നെ ഒരു സംഭവമുണ്ടാക്കാൻ ശ്രമിച്ചത്. അങ്ങനെ മറ്റു ടാക്സികളെയും വാഹനങ്ങളെയും ഒക്കെ തടഞ്ഞു നിർത്തുകയും ഉപദ്രവിക്കുകയും ചെയ്തപ്പോഴാണ് പോലീസ് ഇടപെട്ടത്. പോലീസ് ക്രമസമാധാനത്തിനുവേണ്ടി മാത്രമേ ഇടപെട്ടുള്ളു. പോലീസുകാർക്കാണ് ആദ്യം പരിക്കു പറ്റിയത്. പോലീസുകാർ വന്ന ഉടനെതന്നെ കല്ലേറുണ്ടാകുകയും ഏറുകൊണ്ട് സബ് ഇൻസ്പെക്ടർ താഴെ വീഴുകയുമാണ് ഉണ്ടായത്. ഈ അക്രമം കണ്ടിട്ട് അതു കണ്ടു നിന്ന നാട്ടുകാരാണ് കല്ലെറിഞ്ഞ് ഡ്രൈവർമാരെ ഓടിച്ചതും ആട്ടോറിക്ഷകൾക്കും കാറുകൾക്കുമൊക്കെ കേടു വരുത്തിയതും. ഇതിനെപറ്റി വിശദമായ ഒരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് കളക്ടർ എ. ഡി. എം.-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ സ്ഥിതി സമാധാനപരമായിത്തീർന്നിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരു കാര്യം അങ്ങു പറഞ്ഞതു ശരിയാണ്. യാതൊരു അലസതയും ഗവൺമെൻറ് ഇക്കാര്യത്തിൽ കാണിച്ചില്ല. പത്തു നാൽപ്പതു ലാംബ്രറകളും നാലു ടാക്സി കാറുകളും തല്ലിത്തകർത്തു; (പോലീസാണ് നാട്ടുകാരല്ല തകർത്തത്). ആളുകളെ അടിച്ചു ലോക്കപ്പിലിട്ടു മർദ്ദിക്കുന്നതിനിടയ്ക്കു വീണ്ടും ഒരു വണ്ടി പോലീസു വന്ന് അവിടെ കിടന്നിരുന്ന ലാംബ്രറകളും മുഴുവൻ തല്ലിത്തകർത്തു. കല്ലുകൊണ്ടും ലാത്തികൊണ്ടും തല്ലിത്തകർത്ത നാലു ടാക്സി കാറുകളും ഇപ്പോൾ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കിടക്കുകയാണ്. അപ്പോൾ യാതൊരലസതയും കാണിച്ചില്ലെന്നു പറയുന്നതു ശരിയാണ്. സമരം ഏതെങ്കിലും രാഷ്ട്രീയ പാർട്ടി മുരുദ്ദേശപൂർവ്വം സംഘടിപ്പിച്ചതല്ല. ഈ സഭയിൽതന്നെ മുമ്പു ലേബർ മന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി നേതാവായിട്ടുള്ള യൂണിയനും എ. ഐ. ടി. യു സി. യും സി. ഐ. ടി. യു. വും ഒരുമിച്ചു ചേർന്നു വളരെ സമാധാനപരമായിട്ടാണു ജാഥ നടത്തിയത്. നേതാക്കൻമാർ കളക്ടറേറ്റിൽ പോയി മെമ്മോറാണ്ടം കൊടുത്തുകൊണ്ടിരുന്നതിനിടയ്ക്ക് അവിടെയില്ലാത്ത ഒരു ടാക്സി വന്നു. അപ്പോൾ സ്വാഭാവികമായും തൊഴിലാളികൾ ഓടിയെത്തിയെങ്കിലും അവിടെയുള്ള ടാക്സി അല്ലെന്നും പണിമുടക്കിൽ പെട്ടതല്ലെന്നും മനസ്സിലാക്കിയപ്പോൾ അവിടത്തെ പ്രവർത്തകൻമാർ ഇടപെട്ട് ആ ടാക്സിയെ പറഞ്ഞയച്ചു; യാതൊരു കുഴപ്പവുമുണ്ടായില്ല. ആ ടാക്സി പറഞ്ഞയച്ചശേഷം അവിടെനിന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ നേരെ ഒരു പോലീസുകാരൻ കയറി ആക്രമിച്ചു; അബ്ദുൾഖാദർ എന്ന പോലീസ് വണ്ടിയുടെ ഡ്രൈവർ കയറി ആക്രമിച്ചു. അതിനെത്തുടർന്ന് പോലീസുകാരും ഡ്രൈവർമാരും തമ്മിൽ കശപിശയുണ്ടായി. അതിനുശേഷം കളക്ഷൻ ഏജന്റിന്റെ ഭാഗത്തു നിന്നു കല്ലേറുണ്ടായി. പിന്നീട് അവിടെയുണ്ടായ കാര്യത്തെപ്പറ്റി മാത്രം ബഹുമാനപ്പെട്ട മന്ത്രി നിശബ്ദതയവലംബിച്ചു. പിന്നീട് പോലീസ് അവിടെ വന്ന് കണ്ണിൽക്കണ്ടവരെ മുഴുവൻ മർദ്ദിച്ചു. അതിനടുത്തുള്ള എം. തോമസ് സിന്റെയും ശങ്കുണ്ണിമേനോന്റെയും വക്കീലാഫീസിന്റെ ഭാഗംവരെ ഉണ്ടായിരുന്ന ആളുകളേയും കടകളിൽ ഉണ്ടായിരുന്ന ആളുകളേയും മുഴുവൻ മർദ്ദിച്ചു. ഈ മർദ്ദനമെല്ലാം നടക്കുന്നസമയത്ത് കോടതിയിൽനിന്ന് ഇറങ്ങി, ഇവിടെ ഒരു മുൻമന്ത്രിയായിട്ടുള്ള, കോൺഗ്രസ് സിന്റെ ഡിസ്ട്രിക്റ്റ് കമ്മിറ്റി പ്രസിഡന്റായ ഗോവിന്ദൻ മേനോൻ അവിടെ വന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗോവിന്ദൻ നായരാണ്..

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അപ്പോഴാ മന്ത്രിക്ക് എല്ലാം അറിയാം. ഗോവിന്ദൻ നായർ. അദ്ദേഹവും പോലീസ് സ്റ്റേഷനിൽ പോയി. എന്തൊരു ക്രൂരമായ മർദ്ദനമാണു നിങ്ങൾ നടത്തുന്നത് എന്ന് അദ്ദേഹം ചോദിച്ചു. പതിനേഴു പേരെ ക്രൂരമായി മർദ്ദിച്ചു അവശരാക്കിയിട്ടിരിക്കുന്ന സമയത്താണ് ഇദ്ദേഹം ചെന്നത്. ഇനിയും ഞങ്ങൾ ഇവരെ തല്ലും നിങ്ങൾ എന്തു ചെയ്യും, കാണട്ടെ എന്ന് ഒരു കെ. എ. പി. ക്കാരൻ അദ്ദേഹത്തോടു പറഞ്ഞു. അവിടത്തെ ഡി. വൈ. എസ്. പി. യുടെ സാന്നിദ്ധ്യത്തിലാണ് ഈ മർദ്ദനങ്ങളെല്ലാം നടന്നത്. അങ്ങനെ ആളുകളെ വണ്ടിയിലിട്ടും ലോക്കപ്പിലിട്ടും ഈ മർദ്ദനങ്ങളെല്ലാം നടത്തിയതിന്റെ ഫലമായി പത്തു നാൽപതു പേർ ചികിൽസയിൽ കഴിയുന്നു. നാലഞ്ചു പേർ ആശുപത്രിയിൽ കിടക്കുന്നു. മന്ത്രി പറഞ്ഞു പോലീസുകാരും കിടക്കുന്നുണ്ടെന്ന്. അദ്ദേഹത്തിനു കല്ലേറു കൊണ്ടു എന്നതും ശരിയാണ്. പക്ഷേ ഇപ്പോഴാ എന്താണു സ്ഥിതിയെന്നു ചോദിച്ചാൽ ഇവരെ മുഴുവൻ കേസിൽ കുടുക്കി അന്വേഷിച്ചു നടക്കുകയാണ്. സബ് കളക്ഷനുടെ സാന്നിദ്ധ്യത്തിൽ കൂടിയാലോചന നിശ്ചയിച്ചു. കൂടിയാലോചനയ്ക്കു ഹാജരായ ഡി. വൈ. എസ്. പി. പറഞ്ഞത്, ഇവരെ ഞങ്ങൾക്കു കിട്ടണം ഇവരെ കൈകാര്യം ചെയ്യണം, ആരു പറഞ്ഞാലും അതിൽനിന്നു പിന്നോക്കം പോകാൻ പറ്റുകയില്ല, ഞങ്ങൾക്കു മന്ത്രി നിർദ്ദേശം തന്നിട്ടുണ്ട്, ഇവരെ കൈകാര്യം ചെയ്യണം, അതിനപ്പുറത്തേക്കു പോകുന്ന ഏർപ്പാടില്ല, ഒരന്വേഷണവും ഉണ്ടാകുകയില്ലെന്നു ഞങ്ങൾക്ക് ഉറപ്പുണ്ട് എന്നാണ്. അപ്പോഴാ സബ് കളക്ഷൻ അന്വേഷിക്കാൻ ഉത്തരവിട്ടെന്നു പറഞ്ഞിട്ടു കാര്യമില്ല. അവിടെ ഇപ്പോഴും പണിമുടക്കു നടക്കുകയാണ്. എല്ലാ യൂണിയനുകളും യോജിച്ച് ഇപ്പോഴും പണിമുടക്കു നടത്തുന്നു. കുറച്ചു പേർ പ്രതിഷേധം പ്രകടിപ്പിച്ചതല്ല. നാലയ്യായിരത്തിൽപ്പരം ആളുകൾ ചേർന്നു പ്രകടനം നടത്തി. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിൽപ്പെട്ട ആളുകളും പണിമുടക്കു നടത്തി. ഒരു പ്രക്ഷുബ്ധമായ അന്തരീക്ഷമാണ് അവിടെ ഇപ്പോഴും ഉള്ളത്. തല്ലിത്തകർത്ത നാൽപ്പതും അഞ്ചും നാൽപ്പത്തഞ്ചു വാഹനങ്ങൾ പോലീസ് സ്റ്റേഷനിൽ കിടക്കുകയാണ്. വിട്ടുകൊടുത്തിട്ടില്ല. അതിനു നഷ്ടപരിഹാരം കിട്ടണം. ഇനി അറസ്റ്റു ചെയ്യുന്ന ആളുകളുടെമേൽ ഉണ്ടാകുമെന്നു പറയുന്ന ആ മർദ്ദനം ഉണ്ടാകുകയില്ലെന്ന് ഉറപ്പുതരാൻ പറ്റുമോ? അതോ മന്ത്രിയേക്കാൾ വലുതാണോ പോലീസാഫീസർ? മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുള്ളതുകൊണ്ട് ഞങ്ങളും ഇതു ചെയ്യും എന്നു പറയുന്ന ഏർപ്പാട് ഈ രാജ്യത്തു നടക്കുമോ? അവിടെയുള്ള സബ്കളക്ടറുടെ അന്വേഷണം മാറ്റി ഉയർന്ന നിലവാരത്തിൽത്തന്നെ അന്വേഷണം നടത്തുക, കുറ്റക്കാരായിട്ടുള്ള ആഫീസർമാർക്കെതിരായി നടപടി നടത്തുക, തല്ലിത്തകർക്കപ്പെട്ട വാഹനങ്ങൾക്കു നഷ്ടപരിഹാരം കൊടുക്കുക, തൊഴിലാളികൾക്ക് അന്യായമായ പോലീസ് ഹരാസ്മെന്റ് കൂടാതെ ജോലി ചെയ്യാൻ സൗകര്യം കൊടുക്കുക—ഇത്രയും കാര്യങ്ങൾ ചെയ്താൽ അവിടത്തെ കുഴപ്പം അവസാനിപ്പിക്കാൻ നടപടി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതു ഞങ്ങളുടെ പ്രതിപക്ഷക്കാര്യമല്ല. എല്ലാ യൂണിയനുകളും കൂടി യോജിച്ചുനിന്ന് ഇപ്പോഴും പണിമുടക്കു തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഇതിനെപ്പറ്റി ചർച്ചചെയ്യണമെന്നാവശ്യപ്പെടുന്നത്. ഗവൺമെന്റ് ഈ മനോഭാവം മാറ്റണം. പോലീസുകാരനു കുഴപ്പം വരരുതെന്നാണ് ഞങ്ങളുടേയും ആഗ്രഹം. പോലീസുകാരനു കുഴപ്പം വന്നാൽ തൊഴിലാളികളെ ഇഷ്ടംപോലെ തല്ലിത്തകർക്കാമെന്ന നിലയിലാണ് ചില പോലീസാഫീസർമാർ ഉണ്ടാക്കിയിരിക്കുന്ന നില, ആവർത്തിക്കുകയില്ലെന്ന് ഈ സഭയ്ക്കു ഉറപ്പു തരണം. അതുപോലെ തന്നെ നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റു നടപടിയെടുക്കണം. അതുകൊണ്ടാണ് ചർച്ച ചെയ്യണമെന്നു പറയുന്നത്.

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുഴുവൻ അംഗീകരിക്കാൻ നിവർത്തിയില്ല. അവിടെ അത്തരമൊരു സംഭവം ഉണ്ടായത് നിർഭാഗ്യപൂർവ്വം തൊഴിലാളികളും വഴക്കുണ്ടാക്കണമെന്നു ആഗ്രഹിച്ചതുകൊണ്ടു മാത്രമാണ്. ബഹുമാനപ്പെട്ട കളക്ടർക്ക് നിവേദനം കൊടുക്കാൻ വേണ്ടി നേതാക്കൻമാർ പോയശേഷം അവർ വഴിയിൽ നിൽക്കുകയും വഴിയേ പോയ ആളുകളെ ഓടിക്കുകയും വഴിയേ പോയ വാഹനങ്ങൾ തടയുകയും ചെയ്തു. അങ്ങനെ ഒരു സ്ഥിതി സംജാതമായപ്പോഴാണ് അവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിനുവേണ്ടി പോലീസ് രംഗത്ത് വന്നത്. 8 പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. മറ്റുള്ളവർക്ക് പരിക്ക് പറ്റിയിട്ടില്ലെന്നു പറയുമ്പോൾതന്നെ ഗുരുതരമായ ലംഘനം എവിടെയാണ് ഉണ്ടായിട്ടുള്ളതെന്ന് നമുക്ക് ആലോചിക്കാൻ കഴിയും. തൊഴിലാളികളെ ഓടിച്ചെന്നുള്ളത് ശരിയാണ്. ഓടിയ കൂട്ടത്തിൽ വല്ലവർക്കും പരിക്ക് പറ്റിയിരിക്കും. പക്ഷേ പരിക്ക് പറ്റിയതായി ആരുംതന്നെ പരാതിയൊന്നും കൊടുത്തിട്ടില്ല. ആരും ആശുപത്രിയിലും ഉള്ളതായി അറിവായിട്ടില്ല. ഇതു കണ്ടുകൊണ്ടുനിന്ന നാട്ടുകാരാണ് കല്ലെറിഞ്ഞ് തൊഴിലാളികളെ ഓടിച്ചത്. ചില വാഹനങ്ങൾക്ക് കേട് പറ്റിയിട്ടുണ്ട്. അതിനെപ്പറ്റിയെല്ലാം പത്രറിപ്പോർട്ട് വന്നിട്ടുണ്ട്. സാധാരണ പത്രക്കാർ ഈ സംഭവങ്ങൾക്കു അനുകൂലമായി നിൽക്കുന്നതല്ല. ഈ സംഭവത്തെപ്പറ്റി അവർ എഴുതിയിരിക്കുന്നത് വായിച്ചു നോക്കിയാൽ അത് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഏറുമൂലം 6000-ത്തിനും 7000-ത്തിനും ഇടയ്ക്കുള്ള നഷ്ടം ഉണ്ടായിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിക്കുന്നതിനു മുമ്പ് തന്നെ സമാധാനം പറയാൻ സാധിക്കുകയില്ല. ഗവൺമെന്റ് ഒരു തീരുമാനം എടുത്തിരുന്നു. ടാക്സിക്കാരും ആട്ടോറിക്ഷക്കാരും കൂടുതൽ ചാർജ് ഈടാക്കുന്നു എന്നുള്ള പരാതി ഇന്നോ ഇന്നലയോ ഉണ്ടായതല്ല. അതിനെപ്പറ്റി ധാരാളം പരാതികളും ഉണ്ടായിട്ടുണ്ട്. എല്ലാ മുനിസിപ്പാലിറ്റികളിലും ഇത് ഏർപ്പെടുത്തണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന് ആഗ്രഹമുണ്ടെങ്കിലും ജില്ലാ തലസ്ഥാനങ്ങളിലെങ്കിലും ഏർപ്പെടുത്തി കൂടുതൽ യാത്രക്കാരെ ബുദ്ധിമുട്ടിക്കാതിരിക്കണമെന്നുള്ള രീതിയിൽ 1978-ൽ ആദ്യമായി ഈ നിയമം പാസ്സാക്കി. പക്ഷേ ടാക്സി തൊഴിലാളികളുടേയും മറ്റുള്ളവരുടേയും നിവേദനം കേട്ടിട്ട് ഒരു കൊല്ലത്തേയ്ക്ക് മാറ്റി വച്ചു. അത് രണ്ടാമതും ഗവൺമെൻറ് പരിശോധിക്കുകയും അടുത്ത കാലത്തായി പരാതികൾ കൂടി കൂടി വന്നതിനെത്തുടർന്ന് ഇതു നടപ്പിലാക്കാതെ നിവർത്തിയില്ലെന്നു വന്ന സാഹചര്യത്തിൽ ഈ ഏപ്രിൽ 1-ാം തീയതി മുതൽ നടപ്പിലാക്കാൻ ഉത്തരവ് ഇടുകയും ചെയ്തു, ഓവർ ലാപ്പിംഗ്, ഓവർ സ്പീഡ് ചെക്ക് ചെയ്യൽ എന്നിവയെപ്പറ്റി അടുത്ത കാലത്തെടുത്ത തീരുമാനം എല്ലാവർക്കും അറിയാവുന്നതാണ്. ഓവർ സ്പീഡ് ചെക്ക് ചെയ്യുന്നതിനും മീറ്റർ ഘടിപ്പിക്കുന്നതിനും എതിരായി അവർ സമരം ചെയ്യുന്നതിന് വിരോധമില്ല. പക്ഷേ കളക്ടറുടെ അടുത്തുപോയി മെമ്മോറാണ്ടം കൊടുത്തിട്ട് ആരും അറിയാതെ കടന്നു പോകുമെന്ന് വിചാരിച്ചപ്പോൾ ഞങ്ങൾ വികാരം പ്രകടിപ്പിച്ചു എന്നു പറയാൻവേണ്ടി മനഃപൂർവ്വം അവർ ബുദ്ധിമുട്ട് ഉണ്ടാക്കുകയായിരുന്നു. ആലപ്പുഴയിലുള്ള ഒരു ടാക്സി ആരോ രോഗികളെ കൊണ്ടുപോയതാണെന്നാണ് അറിയുന്നത്. അതിനെ തടുത്തു നിർത്തുകയും ഡ്രൈവറെ ഉപദ്രവിക്കുകയും ചെയ്തപ്പോഴാണ് പോലീസ് ഇടപെട്ടത്. പോലീസ് ഇടപെട്ട ഉടൻ അവർ കല്ലെറിഞ്ഞതിൻെറ ഫലമായി എസ്. ഐ. താഴെ വീണു. ഉടനെ കൂടുതൽ പോലീസ് ടൗണിൽനിന്നും വരികയും ഈ വിധത്തിൽ സ്ഥിതി എത്തുകയും ചെയ്തു. അല്ലാതെ മനഃപൂർവ്വമായി തൊഴിലാളികളെ അടിക്കാൻ വേണ്ടിയോ തൊഴിലാളികളെ നശിപ്പിക്കാൻ വേണ്ടിയോ ഒന്നും ചെയ്തതല്ല. അവിടെ 40 ആളുകളേ ഉണ്ടായിരുന്നുള്ളു. ഇത്രമാത്രം കുഴപ്പം ഉണ്ടാകണമെങ്കിൽ എന്തുമാത്രം കുഴപ്പം ഇവർ സൃഷ്ടിച്ചിരിക്കണമെന്നുള്ള കാര്യം നാം ആലോചിക്കണം. കല്ലേറിൻെറ ഫലമായി 6000-ത്തിനും 7000-ത്തിനും ഇടയ്ക്ക് ഉള്ള നഷ്ടം ഉണ്ടായിട്ടുണ്ട്. എങ്ങിനെ സംഭവിച്ചു, ആരു മൂലം സംഭവിച്ചു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വിശദമായി അന്വേഷിക്കാൻ വേണ്ടി കളക്ടർ എ. ഡി. എം.-നെ ചുമതലപ്പെടുത്തി. ഈ അന്വേഷണം കൊണ്ട് യഥാസ്ഥിതി മനസ്സിലാക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്. ഇതിനേക്കാൾ കൂടുതൽ അന്വേഷണം വേണമെന്ന് ഗവൺമെൻറ് വിചാരിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പറഞ്ഞതെല്ലാം തന്നെ ആരോ കൊടുത്ത റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ളതാണ്. പത്രങ്ങളിൽ വന്നിട്ടുള്ളതും അങ്ങനെയല്ല. പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ട് വളരെ വ്യക്തമാണ്. ഗവൺമെൻറ് ഇത്തരത്തിലുള്ള സമീപനമാണ് എടുക്കുന്നതെങ്കിൽ അവിടത്തെ പോലീസുകാർ തൊഴിലാളികൾക്കെതിരായി ഇനിയും ആക്രമണം നടത്തും. നാട്ടുകാർ ചെയ്തതൊന്നുമല്ല. അതു കൊണ്ടാണ് ഇതിനെപ്പറ്റി ചർച്ച ചെയ്യണമെന്ന് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നിർഭാഗ്യകരമായ ചില സംഭവങ്ങൾ ഉണ്ടായിയെങ്കിലും അവിടെ സംഘർഷാവസ്ഥ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല. അതുകൊണ്ട് അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly